നമ്പർ : സി.ജി. (1) 44141/08

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം. തീയതി: 16-10-2008

# സർക്കുലർ നമ്പർ : 68/08

വിഷയം : സഹകരണവകുപ്പ് - 'സഹകരണ നിക്ഷേപം കേരളീയം' 2008 പരിപാടി സംബന്ധിച്ച്.

സഹകരണ പ്രസ്ഥാനത്തിന് ഒരു പുത്തനുണർവ്വും ദിശാബോധവും നൽകിയ സഹകരണ നവരത്നം കേരളീയം പദ്ധതിയുടെ ഭാഗമായി 2008 ലും നവംബർ 1 മുതൽ 30 വരെ 'സഹകരണ നിക്ഷേപം കേരളീയം' എന്ന പേരിൽ നിക്ഷേപ സമാഹരണ ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ നിക്ഷേപം കേരളീയം 2008 ന്റെ സംസ്ഥാനതല ഉത്ഘാടനം 2008 ഒക്ടോബർ 30 - ാം തീയതി തിരുവനന്തപുരത്ത് വച്ച് നടക്കുന്നതാണ്. 'സഹകരണ നിക്ഷേപം കേരളീയം 2008' പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 01-11-2008 മുതൽ 30-11-2008 വരെയാണ് 'സഹകരണ നിക്ഷേപം കേരളീയം' 2008 ക്യാമ്പയിൻ കാലയളവ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും ക്യാമ്പയിനിൽ ഭാഗഭാക്കാകേണ്ടതാണ്.
3. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന തരത്തിൽ സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലങ്ങളിൽ ആവശ്യമായ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റികൾ 23-10-08 ന് മുൻപും, താലൂക്ക്തല കമ്മിറ്റികൾ 25-10-08 ന് മുൻപും, സംഘം/ബാങ്ക്തല കമ്മിറ്റികൾ 28-10-08 ന് മുൻപും നിലവിൽ വരുത്താൻ ആവശ്യമായ നടപടികൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റികൾ ദ്വൈവാര അവലോകന യോഗങ്ങൾ ചേർന്ന് പുരോഗതി വിലയിരുത്തേണ്ടതാണ്.
4. സഹകരണ നിക്ഷേപം കേരളീയം 2008 ന്റെ ലക്ഷ്യം അനുബന്ധമായി (അനുബന്ധം - 1 ) ചേർത്തിട്ടുള്ള പ്രകാരമായിരിക്കും.
5. സംഘങ്ങളെ/ബാങ്കുകളെ തെരഞ്ഞെടുക്കുമ്പോൾ പ്രവർത്തനരഹിതവും ഗുരുതരമായ സ്വഭാവത്തിലുള്ള പണാപഹരണം/ക്രമക്കേടുകൾ എന്നിവ നടത്തിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
6. നിക്ഷേപകർക്ക് രജിസ്ട്രാർ നിശ്ചയിച്ചു നൽകിയ നിരക്കിൽ അധികരിച്ച് പലിശ നൽകുവാൻ പാടുള്ളതല്ല.
7. ക്യാമ്പയിന്റെ ഭാഗമായി സംഘംതല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഭരണ സമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തേണ്ടതും, പരമാവധി നിക്ഷേപം സമാഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതുമാണ്.

8. ക്യാമ്പയിന്റെ ഭാഗമായി 'ഒരു ഭവനത്തിൽ നിന്നും ഒരു അക്കൗണ്ട്' എങ്കിലും എന്ന തത്വം പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ട താണ്. ഇതിനായി നോഫ്രിൻ അക്കൗണ്ടുകൾ ആരംഭിക്കാവുന്നതാണ്. (സർക്കുലർ നമ്പർ 48/07)

9. ചെറുകിട ഹ്രസ്വകാല നിക്ഷേപങ്ങൾ/ലഘു നിക്ഷേപങ്ങൾ എന്നിവ സമാഹരിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകി ഇവ നിലവിലുള്ളതിനേക്കാൾ മൂന്നിരട്ടിയായി വർദ്ധിപ്പിക്കേണ്ടതാണ്.

10. പ്രവർത്തന പരിധിയിലെ ഒരു ഭവനത്തിൽ നിന്നും ഒരാളെയെങ്കിലും സംഘത്തിൽ അംഗമാക്കുന്നതിനും നിക്ഷേപം, വായ്പ, ചിട്ടി, എം.ഡി.എസ്. തുടങ്ങി ഏതെങ്കിലും തരത്തിലുള്ള ഇടപാട് സംഘവുമായി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ പ്രാഥമിക ബാങ്കുകളുടെയും പ്രവർത്തന പരിധിയിലുള്ള വിദ്യാലയങ്ങൾ, ഭവനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിലെ നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് സംഘം തലത്തിൽ ഭരണ സമിതി അംഗങ്ങളും ജീവനക്കാരും പങ്കെടുത്ത് ക്യാമ്പയിൻ സംഘടിപ്പിക്കണം.

11. ക്യാമ്പയിന്റെ ഭാഗമായി വാർഡ്തല നിക്ഷേപ സൗഹൃദ സദസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. മുതിർന്ന പൗരന്മാർക്ക് വളരെ ആകർഷകമായ പലിശ നിരക്ക് പ്രഖ്യാപിച്ചിരിക്കുന്ന സ്ഥിതിയിൽ അവരെ നേരിൽ കണ്ട് നിക്ഷേപം നടത്തുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

12. സഹകരണ നിക്ഷേപം കേരളീയം 2008 ന്റെ ഭാഗമായി പ്രാഥമിക ബാങ്ക്, സർക്കിൾ, ജില്ലാ തലങ്ങളിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്ന പൊതുപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

13. ക്യാമ്പയിന്റെ വിജയകരമായ നടത്തിപ്പിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും, താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരും നിർവ്വഹിക്കേണ്ടതാണ്. ജോയിന്റ് രജിസ്ട്രാർ (ഓഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ, ഓഡിറ്റ്, വാല്യുവേഷൻ ഓഫീസർ), ഇൻസ്പെക്ടർ, ഓഡിറ്റർ ഉൾപ്പെടെ സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും യജ്ഞത്തിന്റെ മുൻനിര പ്രവർത്തനം ഏറ്റെടുക്കേണ്ടതാണ്.

14. ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാ (ക്രെഡിറ്റ്) റെ സംസ്ഥാനതല നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു.ഇതിനുപുറമെ ഈ ഓഫീസിലെ അഡീഷണൽ രജിസ്ട്രാർമാർക്ക് ചുവടെ പറയും പ്രകാരം ഓരോ ജില്ലയുടെയും ചുമതല നിശ്ചയിച്ച് നൽകുന്നു.

എ) അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) – വയനാട്, പാലക്കാട്, കണ്ണൂർ.

ബി) അഡീഷണൽ രജിസ്ട്രാർ (ജനറൽ) – കൊല്ലം, തിരുവനന്തപുരം.

സി) അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) – എറണാകുളം, പത്തനംതിട്ട, ആലപ്പുഴ

ഡി) അഡീഷണൽ രജിസ്ട്രാർ (ഓഡിറ്റ്) – കോഴിക്കോട്, ഇടുക്കി, കോട്ടയം.

ഇ) അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി.) – തൃശൂർ, മലപ്പുറം, കാസർഗോഡ്.

15. സംഘങ്ങളുടെ ലക്ഷ്യം, ഇൻസ്പെക്ടർക്ക് ചുമതല എന്നിവ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ വിഭജിച്ച് നൽകേണ്ടതാണ്.

16. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാറെ (ഭരണം) ക്യാമ്പയിന്റെ ജില്ലാതല നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് ആവശ്യപ്പെടുന്ന വിവരങ്ങളും ദൈനംദിന പുരോഗതി റിപ്പോർട്ടും സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം നോഡൽ ഓഫീസർമാർക്കായിരിക്കും. ഇക്കാര്യത്തിൽ നോഡൽ ഓഫീസറന്മാർ വ്യക്തിപരമായി ശ്രദ്ധിക്കേണ്ടതും കണക്കിലെ കൃത്യത ഉറപ്പുവരുത്തി വീഴ്ചകൾ സംഭവിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്.

17. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മറ്റു വായ്പാ സഹകരണ സംഘങ്ങൾ എന്നിവ മുഖാന്തിരം വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

18. സർക്കിൾ തല ചുമതലക്കാരനായ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), സർക്കിൾ പരിധിയിലെ മുഴുവൻ സഹകരണ സംഘങ്ങളിലെയും അതാത് ദിവസത്തെ നിക്ഷേപ വിവരങ്ങൾ യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന ശേഖരിച്ച്, സർക്കിൾ തലത്തിൽ ക്രോഡീകരിച്ച് അതാത് ദിവസം ജില്ലാതല നോഡൽ ഓഫീസറായ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ക്ക് സമർപ്പിക്കേണ്ടതാണ്. നോഡൽ ഓഫീസർ ജില്ലാതല നിക്ഷേപ കണക്കുകൾ ക്രോഡീകരിച്ച് അതാത് ദിവസമോ പിറ്റേന്ന് രാവിലെയോ ഫാക്സ് മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്. ഇതിനായി സർക്കിൾ/ജില്ല തലത്തിൽ ഒരു ഇൻസ്പെക്ടർക്ക് ചുമതല നൽകാവുന്നതുമാണ്.

19. ജില്ലാ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശാഖകളിൽ നിന്ന് ശേഖരിച്ച് ജില്ലാ തലത്തിൽ ക്രോഡീകരിച്ച് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ പകർപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് ഫാക്സ് മുഖാന്തിരം അതാത് ദിവസം തന്നെ സമർപ്പിക്കേണ്ടതുമാണ്.

20. സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപ വിവരങ്ങൾ ശാഖകൾ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അതാത് ദിവസം തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നേരിട്ടോ, ഫാക്സ് മുഖേനയോ സമർപ്പിക്കേണ്ടതാണ്.

21. സഹകരണ സംഘങ്ങൾ/ബാങ്കുകൾ/അർബൻ സഹകരണ ബാങ്കുകൾ/ജില്ലാ സഹകരണ ബാങ്കുകൾ 31-10-2008 വരെയുള്ള നിക്ഷേപ ബാക്കിനിൽപ്പ് 05-11-2008 ന് മുൻപ് സഹകരണ സംഘം രജിസ്ട്രാർക്ക്, ജില്ലാ തല നോഡൽ ഓഫീസറന്മാർ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ സമർപ്പിക്കേണ്ടതാണ്.

22. സംസ്ഥാന സഹകരണ ബാങ്കിന്റെ 31-10-2008 വരെയുള്ള നിക്ഷേപ ബാക്കിനിൽപ്പ് ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർ പരിശോധിച്ച് 05-11-2008 ന് മുൻപ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

23. സഹകരണ നിക്ഷേപം കേരളീയത്തിന്റെ ദൈനംദിന പുരോഗതി റിപ്പോർട്ട് അതാതു ദിവസം ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമയിൽ ചുവടെ പറയുന്ന നമ്പരുകളിൽ ഫാക്സ് മുഖാന്തിരമോ ഫോൺ മുഖാന്തിരമോ അറിയിക്കേണ്ടതാണ്.

0471 – 2330726 231 (എക്സ്റ്റൻഷൻ) 0471 – 2331513 (ഫാക്സ്)

0471 – 2331587 231 (എക്സ്റ്റൻഷൻ)

0471 – 2330825

0471 – 2331992

നോഡൽ ഓഫീസർ

0471 – 2330726 214 (എക്സ്റ്റൻഷൻ), 9447586127 (മൊബൈൽ)

## സംസ്ഥാന/ജില്ലാ/താലൂക്ക്/സംഘംതല കമ്മിറ്റികൾ

### I സംസ്ഥാനതല കമ്മിറ്റി

1. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി – ചെയർമാൻ
2. അഡീഷണൽ ചീഫ് സെക്രട്ടറി – അംഗം
3. ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ് – അംഗം
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ – അംഗം
5. പ്രസിഡന്റ്, കേരള സംസ്ഥാന സഹകരണ ബാങ്ക് – അംഗം
6. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് – അംഗം
7. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ – അംഗം
8. ചെയർമാൻ, കേരള അർബൻ കോ–ഓപ്പറേറ്റീവ് ഫെഡറേഷൻ – അംഗം
9. പ്രസിഡന്റ്, പ്രൈമറി കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ – അംഗം
10. സഹകരണ സംഘം രജിസ്ട്രാർ – കൺവീനർ

### II ജില്ലാതല കമ്മിറ്റി

1. ജില്ലയെ പ്രതിനിധീകരിക്കുന്ന എം.പി. മാർ – രക്ഷാധികാരി
2. ജില്ലയിലെ എം.എൽ.എ. മാർ – രക്ഷാധികാരി
3. ജില്ലാ കളക്ടർ – രക്ഷാധികാരി
4. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് – ചെയർമാൻ
5. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് – വൈസ് ചെയർമാൻ
6. മുൻസിപ്പൽ ചെയർമാൻമാർ – അംഗം
7. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ – അംഗം
8. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർ – അംഗം
9. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി – അംഗം
10. ജോയിന്റ് രജിസ്ട്രാർ (ഓഡിറ്റ്) – അംഗം
11. സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ – അംഗം
12. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്) മാർ – അംഗം
13. ജോയിന്റ് രജിസ്ട്രാർ (ജനറൽ) – കൺവീനർ

### III താലൂക്ക്തല കമ്മിറ്റികൾ

1. എം.എൽ.എ. മാർ/എം.പി. മാർ – രക്ഷാധികാരി
2. മുൻസിപ്പൽ ചെയർമാൻമാർ/മേയർ – രക്ഷാധികാരി
3. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ – രക്ഷാധികാരി
4. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ – രക്ഷാധികാരി

5. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ – ചെയർമാൻ
6. ആർ.ഡി.ഒ./തഹസീൽദാർ – അംഗം
7. എല്ലാ പി.എ.സി.എസ്./പി.സി.എ.ആർ.ഡി.ബി. പ്രസിഡന്റുമാർ – അംഗം
8. താലൂക്കിലെ അർബൻ ബാങ്ക് പ്രസിഡന്റുമാർ – അംഗം
9. അസിസ്റ്റന്റ് രജിസ്ട്രാർ (ഓഡിറ്റ്) – അംഗം
10. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) – കൺവീനർ

IV <u>സംഘം/ബാങ്ക്തല കമ്മിറ്റി</u>

1. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് – രക്ഷാധികാരി
2. പ്രാഥമിക സഹകരണ സംഘം/ബാങ്ക് പ്രസിഡന്റ് – ചെയർമാൻ
3. പ്രവർത്തനപരിധിയിലെ ത്രിതല പഞ്ചായത്ത് അംഗങ്ങൾ – അംഗം
4. സംഘം/ബാങ്ക് ഭരണ സമിതി അംഗങ്ങൾ – അംഗം
5. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി – അംഗം
6. ജില്ലാ ബാങ്ക് ഇൻസ്പെക്ടർ – അംഗം
7. കൃഷി ഓഫീസർ – അംഗം
8. യൂണിറ്റ് ഇൻസ്പെക്ടർ – അംഗം
9. സംഘം/ബാങ്ക് ഓഡിറ്റർ – അംഗം
10. സഹകരണ സംഘം/ബാങ്ക് സെക്രട്ടറി – കൺവീനർ

ഒപ്പ്
റാണി ജോർജ്ജ് ഐ.എ.എസ്.,
സഹകരണ സംഘം രജിസ്ട്രാർ.

<u>പകർപ്പ്</u>

1. ചെയർമാൻ/മെമ്പർ/കൺവീനർ,
സംസ്ഥാന/ജില്ല/താലൂക്ക്/സംഘംതല കമ്മിറ്റികൾ,
(ജില്ലാ തലം മുതൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്)മാർക്കും.
3. മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം .
4. പ്രസിഡന്റ്/ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്)
(ജോയിന്റ് രജിസ്ട്രാർ മുഖേന)
6. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്/
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
7. ചീഫ് മാനേജർ, നബാർഡ്, തിരുവനന്തപുരം.
8. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും.
9. ഈ ഓഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും.
10. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേണൽ.
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
12. സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

Ramu

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി

## അനുബന്ധം - 1

## ടാർജറ്റ്

| ക്രമ നമ്പർ | ജില്ല | തുക (കോടിയിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 150.00 |
| 2. | കൊല്ലം | 150.00 |
| 3. | പത്തനംതിട്ട | 50.00 |
| 4. | ആലപ്പുഴ | 130.00 |
| 5. | കോട്ടയം | 200.00 |
| 6. | ഇടുക്കി | 100.00 |
| 7. | എറണാകുളം | 200.00 |
| 8. | തൃശൂർ | 200.00 |
| 9. | പാലക്കാട് | 115.00 |
| 10. | മലപ്പുറം | 115.00 |
| 11. | കോഴിക്കോട് | 200.00 |
| 12. | വയനാട് | 40.00 |
| 13. | കണ്ണൂർ | 200.00 |
| 14. | കാസർഗോഡ് | 100.00 |
| 15. | സംസ്ഥാന സഹകരണ ബാങ്ക് | 50.00 |
| | ആകെ | 2000.00 |

## അനുബന്ധം - 2

## സഹകരണ നിക്ഷേപം കേരളീയം 2008

### പ്രൊഫോർമ - 1

(പ്രാഥമിക വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ വിവരങ്ങൾ)

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | സർക്കിളുകളുടെ എണ്ണം | | | | |
| 3. | സംഘങ്ങളുടെ എണ്ണം | | | | |
| 4. | നിശ്ചയിച്ചു നൽകിയ ടാർജറ്റ് | | | | |
| 5. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2008) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം (31-10-2008) | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2008

### പ്രൊഫോർമ - 2

(ബിആർ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ)

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | ബാങ്കുകളുടെ എണ്ണം | | | | |
| 3. | നിശ്ചയിച്ചു നൽകിയ ടാർജറ്റ് | | | | |
| 4. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2008) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31-10-2008) | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2008

### പ്രൊഫോർമ - 3

**(എംപ്ലോയീസ് സംഘങ്ങളും മറ്റ് വായ്പാ സംഘങ്ങളും സംബന്ധിച്ച വിവരങ്ങൾ)**

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | സംഘങ്ങളുടെ എണ്ണം | | | | |
| 3. | നിശ്ചയിച്ചു നൽകിയ ടാർജറ്റ് | | | | |
| 4. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2008) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31-10-2008) | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2008

### പ്രൊഫോർമ - 4

**(ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ)**

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ബാങ്കിന്റെ പേര് | | | | |
| 2. | നിശ്ചയിച്ചു നൽകിയ ടാർജറ്റ് | | | | |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2008) എ) വ്യക്തിഗതവും, സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | ബി) സഹകരണ സ്ഥാപന-ളുടേത് | | | | |
| | സി) ആകെ | | | | |
| 4. | അക്കൗണ്ടുകളുടെ എണ്ണം (31-10-2008) എ) വ്യക്തിഗതവും സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപന-ങ്ങളുടേത് | | | | |
| | സി) ആകെ | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2008

### പ്രൊഫോർമ – 1 എ

(പ്രാഥമിക വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി ......................................

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31–10–2008) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി ..................... | | | | |
| 4. | അറ്റ വർദ്ധന നാളിതു തീയതി .................................. | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31–10–2008) | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി ..................... | | | | |
| 7. | അറ്റ വർദ്ധന നാളിതു തീയതി .................................. | | | | |
| 8. | നാളിതുവരെ ആകെ നിക്ഷേപം വരവ് | | | | |
| 9. | നാളിതുവരെ ആകെ നിക്ഷേപം പിൻവലിച്ചത് | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2008

### പ്രൊഫോർമ – 2 എ

(ബി.ആർ. ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി ..................................

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31–10–2008) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി .................. | | | | |
| 4. | അറ്റ വർദ്ധന നാളിതു തീയതി ............................ | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31–10–2008) | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി .................. | | | | |
| 7. | അറ്റ വർദ്ധന നാളിതു തീയതി ................................ | | | | |
| 8. | നാളിതുവരെ ആകെ നിക്ഷേപം വരവ് | | | | |
| 9. | നാളിതുവരെ ആകെ നിക്ഷേപം പിൻവലിച്ചത് | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

# സഹകരണ നിക്ഷേപം കേരളീയം 2008

## പ്രൊഫോർമ – 3 എ

(എംപ്ലോയീസ് സംഘങ്ങളും മറ്റ് വായ്പാ സംഘങ്ങളും സംബന്ധിച്ച വിവരങ്ങൾ)

തീയതി ....................................

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31–10–2008) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി .................... | | | | |
| 4. | അറ്റ വർദ്ധന നാളിതു തീയതി ............................. | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31–10–2008) | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി ...................... | | | | |
| 7. | അറ്റ വർദ്ധന നാളിതു തീയതി ................................ | | | | |
| 8. | നാളിതുവരെ ആകെ നിക്ഷേപം വരവ് | | | | |
| 9. | നാളിതുവരെ ആകെ നിക്ഷേപം പിൻവലിച്ചത് | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2008

### പ്രൊഫോർമ - 4 എ

### (ജില്ലാ സഹകരണ ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി .....................................

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ബാങ്കിന്റെ പേര് | | | | |
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2008)<br>എ) വ്യക്തിഗതവും, സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | |
| | സി) ആകെ | | | | |
| 3. | നിക്ഷേപ ബാക്കി നിൽപ്പ്<br>നാളിതു തീയതി .....................<br>എ) വ്യക്തിഗതവും, സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനളുടേത് | | | | |
| | സി) ആകെ | | | | |
| 4. | അറ്റ വർദ്ധന നാളിതു<br>തീയതി ..............................<br>എ) വ്യക്തിഗതവും, സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനളുടേത് | | | | |
| | സി) ആകെ | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31-10-2008) | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം<br>നാളിതു തീയതി .................... | | | | |
| 7. | അറ്റ വർദ്ധന നാളിതു<br>തീയതി ....................................... | | | | |
| 8. | നാളിതുവരെ ആകെ നിക്ഷേപം വരവ്<br>എ) വ്യക്തിഗതവും, സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനളുടേത് | | | | |
| | സി) ആകെ | | | | |
| 9. | നാളിതുവരെ ആകെ<br>നിക്ഷേപം പിൻവലിച്ചത്<br>എ) വ്യക്തിഗതവും, സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനളുടേത് | | | | |
| | സി) ആകെ | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)